**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5616 | 24.05.2017 ൽ മറുപടിക്ക്

## ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി

| ചോദ്യം<br>ശ്രീ.ഒ. രാജഗോപാൽ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി കേരള ഘടകത്തെ പിരിച്ചു വിട്ടുകൊണ്ടുള്ള ബഹു.കേരള ഹൈക്കോടതിയുടേയും ബഹു.സുപ്രീം കോടതിയുടെയും വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി കേരള ഘടകം പിരിച്ചു വിട്ടുകൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിനെതിരെ സമർപ്പിച്ച ഹർജിയിന്മേൽ ബഹു.കേരള ഹൈക്കോടതിയിൽ നിന്നും ബഹു.സുപ്രീം കോടതിയിൽ നിന്നും ഉണ്ടായ വിധിക്ക് വിധേയമായി ബഹു.കേരള അഡ്വ.ജനറലിന്റെ 25.04.2017 തീയിതിയിലെ SLP(C) 10116/17 നമ്പർ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇല്ലാത്ത സാഹചര്യത്തിൽ ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി കേരള സ്റ്റേറ്റ് ബ്രാഞ്ചിന്റെ പ്രസിഡന്റായ ബഹുമാനപ്പെട്ട കേരള ഗവർണറോട് തുടർനടപടികൾ സ്വീകരിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ടി സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ സർക്കാർ ഇടപെടാൻ പാടില്ല എന്ന നിയമവ്യവസ്ഥ ശരിവെച്ചുകൊണ്ടുള്ള ബഹു.കേരള ഹൈക്കോടതിയുടേയും ബഹു.സുപ്രീം കോടതിയുടേയും വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ടി സൊസൈറ്റി കേരള ഘടകത്തിൽ നിന്നും പിടിച്ചെടുത്ത വസ്തുവകകൾ റെഡ്ക്രോസ് സൊസൈറ്റി ദേശീയ ഘടകം അംഗീകരിച്ച മാനേജിംഗ് കമ്മിറ്റിക്ക് കൈമാറിയിട്ടുണ്ടോ; | (സി) | ബഹു.കേരള അഡ്വ.ജനറലിന്റെ 25.04.2017 തീയതിയിലെ SLP(C) 10116/17 നമ്പർ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട |

| | | | |
|---|---|---|---|
| | | | ഭരണ സമിതി ഇല്ലാത്ത സാഹചര്യത്തിൽ ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി കേരള സ്റ്റേറ്റ് ബ്രാഞ്ചിൽ നിന്നും പിടിച്ചെടുത്ത വസ്തുവകകൾ കൈമാറിയിട്ടില്ല. |
| (ഡി) | ടി സൊസൈറ്റി കേരള ഘടകത്തെ നിയമവിരുദ്ധമായി പിരിച്ചുവിട്ട നടപടിക്കെതിരെ ഭരണ സമിതി നൽകിയ കേസുകളിൽ എതിർവാദം ഉന്നയിക്കുന്നതിന് ബഹു.കേരള ഹൈക്കോടതിയിലും, ബഹു.സുപ്രീംകോടതിയിലും പൊതു ഖജനാവിൽ നിന്നും എത്ര രൂപ ചെലവാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ? | (ഡി) | റെഡ് ക്രോസ് കേരള ഘടകത്തെ പിരിച്ചുവിട്ട നടപടിക്കെതിരെ നൽകിയ കേസുകളിൽ എതിർവാദം ഉന്നയിക്കുന്നത് ബഹു.കേരള അഡ്വ.ജനറൽ ആയതിനാൽ ടി കേസുകളിൽ ബഹു.കേരള ഹൈക്കോടതിയിലും ബഹു.സുപ്രീംകോടതിയിലും പൊതുഖജനാവിൽ നിന്നും യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ